# പരാതികൾ സമർപ്പിക്കാം

NIHR വ്യക്തികളിൽ നിന്ന് അല്ലെങ്കിൽ രണ്ടാമത്തെ ഡിഗ്രി ബന്ധുക്കളോ അല്ലെങ്കിൽ നിയമാനുസൃതമായ നിയമ പ്രതിനിധിയാണോ പരാതി ഉന്നയിക്കുന്നത്; ഒരു വ്യക്തിയെയോ അല്ലെങ്കിൽ നിയമപരമായ അതോ സഹിതം സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകളോ മറ്റ് യോഗ്യതയുള്ള അധികാരികളോ ആകട്ടെ.

കുട്ടിയുടെ രക്ഷിതാവിനെ സംരക്ഷിക്കുന്നിടത്തോളം കാലം കുട്ടിയുടെ രക്ഷിതാവിന്റെയോ നിയമാനുസൃതമായ അഭിഭാഷകന്റെയോ പരാതികൾക്ക് പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികളിൽ നിന്നും ലഭിച്ചേക്കാം.

## താഴെ പറയുന്ന രീതികളിൽ പരാതികൾ സമർപ്പിക്കാം

- **NIHRന്റെ ആസ്ഥാനത്ത് പരാതി നേരിട്ട് സമർപ്പിക്കുക**

  NIHRന്റെ ആസ്ഥാനത്ത് പരാതി നേരിട്ട് സമർപ്പിക്കുന്നത് മുഖേന പരാതിക്കാരന് ആത്മവിശ്വാസം ലഭിക്കുകയും യോഗ്യനായ സ്റ്റാഫിന്റെ മുമ്പിൽ പരാതി ഹാജരാക്കപ്പെടുകയും ചെയ്യും.

- **NIHRന്റെ ശാഖകളിൽ പ്രവാസി തൊഴിലാളികൾക്ക് സ്ഥാപനത്തിന്റെ ശാഖകളിലും പരാതി സമർപ്പിക്കാം**

  ബിൽഡിംഗ് നമ്പർ 1553, റോഡ് 4153, സെഹല 441.
  ഭാവിയിൽ ആരംഭിക്കാനിരിക്കുന്ന മറ്റ് ശാഖകളിലും സമർപ്പിക്കാം.

- **ഫോണിലൂടെ പരാതി സമർപ്പിക്കാം.**

  പരാതിക്കാരനോ/ പരാതിക്കാരിക്കോ നേരിട്ട് ഹാജരാവാൻ സാധിക്കുന്നിലെങ്കിൽ (80001144) എന്ന ടോൾ ഫ്രീ നമ്പറിലേക്ക് വിളിച്ച് പരാതി സമർപ്പിക്കാം

- **ഓൺ ലൈനായി പരാതി സമർപ്പിക്കാം.**

  www.nihr.org.bh എന്ന കമ്മീഷന്റെ വെബ് സൈറ്റിലെ പരാതി ഫോമിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ പൂരിപ്പിച്ച് പരാതി നൽകാം.

- **ഇ മെയിൽ, ഫാക്സ് വഴിയായും പരാതി സമർപ്പിക്കാം**

  NIHR വെബ് സൈറ്റിൽ നൽകിയ പരാതി ഫോം (PDF ഫോർമാറ്റ്) ഡൗൺലോഡ് ചെയ്യുക.
  ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ പൂരിപ്പിച്ചതിന് ശേഷം (complaint@nihr.org.bh) എന്ന ഇ മെയിൽ അഡ്രസിലേക്ക് അയക്കുക. അല്ലെങ്കിൽ(17111600) എന്ന നമ്പറിലേക്ക് ഫാക്സായി അയക്കുക.

- **സ്ഥാപനത്തിന്റെ മൊബൈൽ ആപ്ലിക്കേഷൻ**

  (NIHR Bahrain) വഴിയായും പരാതി അയക്കാം.
  ആപ്ലിക്കേഷനിൽ വിവരങ്ങൾ പൂർണ്ണമായും നൽകുക.
  ആവശ്യപ്പെടുന്ന രേഖകൾ അറ്റാച്ച് ചെയ്യുകയും ചെയ്യുക.


NIHR Bahrain
nihrbh

(രേഖകൾ മാത്രം സമർപ്പിക്കുക)
+973 17 111 666
80001144

info@nihr.org.bh
www.nihr.org.bh


മലയാളം Malayalam

المؤسسة الوطنية لحقوق الإنسان
National Institution *for* Human Rights

المؤسسة الوطنية لحقوق الإنسان

National Institution *for* Human Rights

## ദേശീയ മനുഷ്യാവകാശ സ്ഥാപനം




കെട്ടിടം:2771, റോഡ്: 2835
ബ്ലോക്:428 സീഫ് ഡിസ്ട്രിക്റ്റ്
മനാമ. പോസ്റ്റ് ബോക്സ് 10808

**ബഹ്റൈൻ**

*info@nihr.org.bh* *www.nihr.org.bh*

1999ൽബഹുമാന്യനായ രാജാവ് ഹമദ് ബിൻ ഈസ ഭരണമേറ്റെടുത്തത് മുതൽ ബഹ്റൈൻ ഗവൺമെന്റ് ജനാധിപത്യത്തിന്റെ കെട്ടുറപ്പിനായി പുതിയ കാൽവെപ്പുകൾ നടത്തി കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി ഒരു സംയോജിത നിയമസഭയും നിയമ മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തിനായി ഒരുപാട് പൊതു വ്യവസ്ഥയും തയ്യാർ ചെയ്തു, സംരംഭങ്ങളും സ്ഥാപനങ്ങളും തുടങ്ങുകയും ചെയ്തു. ഈ മാറ്റങ്ങളെല്ലാം മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തെയും പൗരന്റെ സ്വാതന്ത്ര്യത്തെയും സന്തോഷകരമായ ജീവിതത്തെയും ലക്ഷ്യമിടുന്നതാണ്.

ഇതിനായി 2009 നവംബർ 9 ന് ആദരണീയരാജാവ് 2009 ലെ (46) നമ്പർ രാജകൽപനയിൽ ഒരു ദേശിയ മനുഷ്യാവകാശ സ്ഥാപനം (NIHR) സ്ഥാപിക്കാൻ ഉത്തരവിട്ടു. മനുഷ്യാവകാശങ്ങളുടെ സംരക്ഷത്തിനും പ്രോത്സാഹനത്തിനുമായുള്ള ദേശിയ -അന്തർദേശിയ സംരംഭങ്ങൾക്കായി 1993 ഡിസംബർ 20ന് (48 /134) നമ്പറിൽ ഐക്യരാഷ്ട്രസഭ പാസാക്കിയ പാരിസ് തത്വങ്ങൾക്ക് അനുസൃതമായാണ് NIHR നെ വിഭാവന ചെയ്തിരിക്കുന്നത്.

ദേശിയ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ പുഷ്ടിപ്പെടുത്താനും സാമ്പത്തിക വിനിമയത്തിനും, കാര്യനിർവഹണത്തിനും സ്വതന്ത്ര്യ അധികാരത്തിനുമായി കേന്ദ്ര പ്രതിനിധി സഭയും,ശൂറാ കൗൺസിലും 2014 ലെ നിയമ ഉത്തരവ് 26 നമ്പറിൽ ദേശിയ മനുഷ്യാവകാശ സ്ഥാപനം സ്ഥാപിക്കുന്നതിനെ ശരിവെച്ചു.

അന്താരാഷ്ട്ര തലത്തിലുള്ള മനുഷ്യാവകാശ കമ്മിഷനുകളുമായി മൈത്രിയിലാവാനും, ബഹ്റൈനിലെ മനുഷ്യാവകാശ പ്രവർത്തനങ്ങൾക്കായി മാതൃകാപരമായ നിയമങ്ങൾ സ്ഥാപിക്കാനുമായി മറ്റ് ഉന്നത കേന്ദ്രങ്ങളിലേക്ക് ഈ വിഷയം അവതരിപ്പിക്കുകയുണ്ടായി ഇതിനെ തുടർന്ന് അന്താരാഷ്ട്ര സമൂഹത്തിലെ മറ്റ് മനുഷ്യാവകാശ സ്ഥാപനങ്ങൾക്കിടയിൽ തങ്ങളുടേതായ ഒരു സ്ഥാനമുറപ്പിക്കുന്ന രീതിയിൽ ദേശിയ സ്ഥാപനത്തിന്റെ കീഴിൽ കിടയറ്റ മനുഷ്യാവകാശ പ്രവർത്തനങ്ങൾ ബഹ്റൈൻ ഗവൺമെന്റ് തുടങ്ങാൻ തീരുമാനിച്ചിരിക്കുകയാണ്.

2106 ലെ നിയമ ഉത്തരവ് 20 നമ്പർ മറ്റ് ദേശിയ സംരംഭങ്ങളേക്കാൾ മുൻഗണന ദേശിയ മനുഷ്യാവകാശ സ്ഥാപനത്തിന്റെ രൂപികരണത്തിന് ശ്രദ്ധ ചെലുത്തണമെന്ന് താൽപര്യപ്പെടുന്നു.

ദേശിയ മനുഷ്യാവകാശ സ്ഥാപനങ്ങളുടെ ഏഷ്യൻ പസഫിക്ക് ഫോറത്തിലെയും, ദേശിയ മനുഷ്യാവകാശ സ്ഥാപനങ്ങളുടെ അന്തർദേശിയ സഖ്യത്തിലെയും (GANHRI) സ്ഥിരവും പ്രധാനപ്പെട്ടതുമായ ഒരു അംഗമാണ് NIHR .

മനുഷ്യാവകാശ കൗൺസിലുകളെയും ബോർഡ് മീറ്റിങ്ങുകളെയും വളരെ കാര്യക്ഷമമായി നടത്താൻ NIHRന് സാധിക്കും. പ്രത്യേക വിചാര കമ്മറ്റികൾ, പ്രവർത്തന ഗ്രൂപ്പുകൾ തുടങ്ങിയവയെ നല്ല നിലയിൽ സംഘടിപ്പിക്കാനും മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തിനും സുരക്ഷക്കുമായി ഒരു സ്വതന്ത്ര സ്ഥാപനമായി വർത്തിക്കാനും NIHR ന് സാധിക്കും

## NIHR ന്റെ പ്രവർത്തനങ്ങൾ

- മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു ദേശിയ പദ്ധതി രൂപീകരിക്കുകയും, നടപ്പാക്കുകയും ചെയ്യുക.
- മനുഷ്യാവകാശ നിയമങ്ങൾ പഠിക്കുകയും, ആവശ്യമായ ഭേദഗതികൾ വരുത്തുകയും പുതിയ നിയമനിർമ്മാണം നടത്തുകയും ചെയ്യുക. പ്രാദേശിക, അന്താരാഷ്ട്ര രീതികളോട് അനുയോജ്യത ഉറപ്പാക്കുകയും ചെയ്യുക.
- മനുഷ്യാവകാശ അവസ്ഥയിൽ പുരോഗതി കൈവരിക്കുന്നതിനായും NIHR ന്റെ പ്രവർത്തനങ്ങളുടെ വികസനത്തിനും വാർഷിക റിപ്പോർട്ട് തയ്യാറാക്കുക. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെകുറിച്ച് അവലോകനം നടത്തുക.
- പരാതികൾ സ്വീകരിക്കുകയും, പരിശോധിക്കുകയും ചെയ്യുക. ഉന്നതഅധികാരികളിലേക്ക് പരാതികൾ സമർപ്പിക്കുക. ഉചിതമായ നടപടി ക്രമങ്ങൾ സ്വീകരിക്കുകയും മനുഷ്യാവകാശ ലംഘനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുക.
- മുന്നറിയിപ്പോടെയും അല്ലാതെയുമുള്ള ഫീൽഡ് സന്ദർശനങ്ങൾ നടത്തുക. ജയിലുകളിലും മറ്റ് സ്ഥാപനങ്ങളിലെയും മനുഷ്യാവകാശ പ്രശ്നങ്ങളെ നിരീക്ഷിക്കുക.
- മനുഷ്യാവകാശങ്ങളുടെ സംരംക്ഷണത്തിനും പ്രോൽസാഹനത്തിനും മറ്റ് രാജ്യങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ദേശിയ സംഘടനകളും പ്രാദേശിക കൂട്ടായ്മകളുമായി സഹകരിച്ച് പ്രവർത്തിക്കുക.
- കോൺഫറൻസുകൾ സംഘടിപ്പിക്കുകയും പരിശീലന -വിദ്യാഭ്യാസ പരിപാടികൾക്ക് നേതൃത്വം നൽകുകയും ചെയ്യുക. ന്യൂസ് ലെറ്ററുകൾ സ്പെഷ്യൽ റിപ്പോർട്ടുകൾ എന്നിവ പബ്ലിഷ് ചെയ്യുകയും വിതരണം ചെയ്യുകയും ചെയ്യുക.

**ഹോട്ട് ലൈൻ**
**80001144**